# Deepika

## 28 August 2018

## Odisha team goes to Kerala to repair broken pipes



# തകർന്ന പൈപ്പുകൾ നേരേയാക്കാൻ ഒഡീഷസംഘം കേരളത്തിലേക്ക്

**കേന്ദ്രപാറ:** പ്രളയം തകർത്തെറിഞ്ഞ കേരളത്തിലെ ജലവിതരണമാർഗങ്ങൾ ശരിയാക്കാൻ ഒഡീഷയിലെ വിദഗ്ധതൊഴിലാളികളുടെ സഹായം. പ്ലംബിംഗ് ജോലികളിൽ രാജ്യാന്തരപ്രശസ്തി നേടിയ ഒഡീഷ കേന്ദ്രപ്പാറ നിവാസികളുടെ സേവനമാണു കേരളത്തിനു ലഭ്യമാകുക. നിരവധിപേർ ഇതിനകം കേരളത്തിലേക്കു തിരിച്ചിട്ടുണ്ട്. വരുംദിവസങ്ങളിൽ കൂടുതൽ പേർ എത്താനുള്ള തയാറെടുപ്പിലുമാണെന്നു കേന്ദ്രപാറയിലെ രാജ്നഗർ തഹസീൽദാർ നിഹാർ രഞ്ജൻ മല്ലിക് പറഞ്ഞു. കോൽക്കത്തയുൾപ്പെടെ അകലെയുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ താത്കാലിക അവധിയെടുത്താണ് കേരളത്തിലെത്തുക.

മലയാളികളെ സഹായിക്കാനായി കോൽക്കത്തയിൽനിന്നു താത്കാലിക അവധിയെടുത്ത രാഘവ് പാർദിയ എന്ന മുപ്പത്തിയെട്ടുകാരൻ ഉദാഹരണം. രണ്ടുദിവസത്തിനകം കേരളത്തിലെത്താനാകുമെന്നാണു രാഘവിന്റെ പ്രതീക്ഷ. കേരളത്തിലേക്കാണെന്നു പറഞ്ഞപ്പോൾ കോൽക്കത്തയിലെ തൊഴിലുടമസ്ഥൻ സന്തോഷത്തോടെയാണു യാത്രാനുമതി നൽകിയതെന്നും രാഘവ് പറഞ്ഞു.

ഒഡീഷയിൽനിന്ന് ഇതിനകം 500 ഓളം പ്ലംബർമാർ കേരളത്തിലെത്തിയിട്ടുണ്ട്. കുടിവെള്ള പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണിക്കൊപ്പം മാലിന്യനിർഗമന സംവിധാനങ്ങളിലെ കേടുപാടുകൾ പരിഹരിക്കുന്നതിനും ഇവരുടെ അനുഭവസമ്പത്ത് മുതൽക്കൂട്ടാകുമെന്നാണു കരുതുന്നത്.

പ്ലംബിംഗ് ജോലിക്കായി ഗൾഫ് രാജ്യങ്ങളിൽ വരെ ഒഡീഷ തൊഴിലാളികൾക്കു വൻ ഡിമാൻഡാണ്. കേന്ദ്രപ്പാറ ജില്ലയിൽ മാത്രം ഇരുപതിനായിരത്തോളം വിദഗ്ധതൊഴിലാളികളുണ്ട്.